LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, അർദ്ധരാത്രി നടന്ന സംവഭമായതു കൊണ്ടാണ് ഞങ്ങൾക്ക് ആരാണെന്ന് പറയാൻ സാധിക്കാത്തത്. അവർ ആർ.എസ്.എസ്.-കാരാണെന്ന് പിടിക്കപ്പെട്ടവർ തന്നെ സമ്മതിച്ചിട്ടുണ്ട്. ഇവിടെ ബോംബുകൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തണം. അല്ലെങ്കിൽ എല്ലാവർക്കും ബോംബുകൾ നൽകാനുള്ള നടപടികളുമായി മുന്നോട്ട് പോകണം. ഈ സർക്കാൻ അധികാരത്തിൽ വന്നതിനുശേഷം ഞാൻ ഫയർ സ്റ്റേഷൻ ആവശ്യപ്പെട്ടു, തന്നില്ല. അതുകൊണ്ട് ഒരു ബോംബ് ഫാക്ടറിയെങ്കിലും എന്റെ മണ്ഡലത്തിൽ അനുവദിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പാനൂരിൽ ഏറ്റവും കൂടുതൽ ബോംബ് ഉണ്ടാക്കിയത് ആരുടെ കാലത്താണെന്ന് എനിക്ക് അറിയാം. അത് ഇപ്പോൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇതെല്ലാം പണ്ട് ശ്രീ. കെ. പി. മോഹനന്റെ പാർട്ടിയിലായിരുന്ന ആളുകൾ, അവരെല്ലാം മറ്റുപല പാർട്ടികളിലും പോയി. അവർ ബോംബ് നിർമ്മാണത്തിലും മറ്റും ഏർപ്പെട്ടതുകൊണ്ടാണ് ഈ സ്ഥിതി ഇപ്പോൾ ഇവിടെ ഉണ്ടായത്. പാനൂരിന്റെ ചരിത്രമൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ബോംബ് നിർമ്മാണം എത് പാർട്ടിക്കാർ നടത്തിയാലും പാർട്ടിക്കാരല്ലാത്ത ആളുകൾ നടത്തിയാലും അത് കണ്ടുപിടിക്കുകയും അവരെ നിയമത്തിന്റെ മുമ്പിൽ എത്തിക്കുകയും ചെയ്യും. അതുകൊണ്ട് ശ്രീ. കെ.പി. മോഹനൻ ഇപ്പോൾ ആവശ്യപ്പെട്ട ബോംബ് നിർമ്മാണശാല, അത് ഇവിടെ അനുവദിക്കുകയില്ല എന്നുമാത്രമല്ല അങ്ങനെയുള്ള ഉറവിടം തകർക്കുകയും ചെയ്യും. അതിനുവേണ്ടി ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കും. അവിടെ പോലീസ് സ്റ്റേഷനും ഫയർസ്റ്റേഷനും വേണ്ട, ബോംബ് നിർമ്മാണശാല വേണമെന്ന് ആവശ്യപ്പെടുന്ന അവസ്ഥയിലേക്ക് ബഹുമാനപ്പെട്ട എം.എൽ.എ. എത്തിയത് രാഷ്ട്രീയമായ അധഃപതനമാണെന്നാണ് എനിക്ക് പറയാനുള്ളത്.

2. ശബരിമല മാസ്റ്റർ പ്ലാൻ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പുല്ലുമേട് ദുരന്തത്തിൽ അവിചാരിതമായി മരണമടഞ്ഞ ഭക്തരുടെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുകയാണ്. ശബരിമല സന്നിധാനത്തിലേക്ക് എളുപ്പ മാർഗ്ഗത്തിൽ എത്തിച്ചേരുന്നതിനുള്ള കാനനപാതയാണ് വള്ളക്കടവ്-പുല്ലുമേട് റോഡ്. അതോടൊപ്പം ഏലപ്പാറ-മ്ലാമല-വണ്ടിപ്പെരിയാർ, അരണക്കൽ-ശബരിമല സത്രം, കല്ലാർ -ഗ്രാമ്പി-ശബരിമല തുടങ്ങിയ റോഡുകളിലൂടെയും അയ്യപ്പഭക്തന്മാർ പുല്ലുമേട്ടിലേക്ക് എത്തിച്ചേരുന്നുണ്ട്. പഞ്ചാലിമേട് പരുന്തുംപാറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് അയ്യപ്പ ഭക്തർ മകര വിളക്ക് ദർശനം നടത്താറുണ്ട്. ഇവിടെ എത്തിച്ചേരുന്ന അയ്യപ്പഭക്തർ ശബരിമല ദർശനം നടത്തി മകരവിളക്ക് കണ്ട് മടങ്ങുകയാണ് ചെയ്യുന്നത്. അതാണുരീതി. പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമായതിനാൽ മണ്ഡലകാലം ആരംഭിച്ച് പകുതി ദിവസങ്ങൾ കഴിഞ്ഞാണ് ഇവിടെ മകരവിളക്ക് ദർശനത്തിന് തീർത്ഥാടകർക്ക് അനുമതി കൊടുക്കുക. ഇവിടെ എത്തുന്ന അയ്യപ്പ ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇനിയൊരു ദുരന്തം ഒരിക്കലും ഉണ്ടാകാതിരിക്കുന്നതിനും വണ്ടിപ്പെരിയാർ, കുമളി, പീരുമേട് പെരുവന്താനം, ഏലപ്പാറ,

കൊക്കയാർ, ഉപ്പുതറ, അയ്യപ്പൻ കോവിൽ പഞ്ചായത്തുകളെ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കുമാണ് ദേവസ്വം മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പുല്ലുമേട്ടിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും വെള്ളം, വെളിച്ചം എന്നിവയും ഉറപ്പാക്കേണ്ടതുണ്ട്. ഇവിടെ പെരിയാർ ടൈഗർ റിസർവ് ആയതുകൊണ്ട് വൈദ്യുതിക്കമ്പി വലിക്കുക അപ്രായോഗികമാണ്. വന്യജീവികൾ അപകടപ്പെടുന്നതിനുള്ള സാധ്യതയുണ്ട്. അത് പ്രായോഗികമല്ല എന്നുള്ളതുകൊണ്ട് സ്ത്രത്തിൽനിന്ന് അണ്ടർ ഗ്രൗണ്ട് കേബിൾ വഴി പുല്ലുമേട്ടിൽ വൈദ്യുതി എത്തിച്ച് വയർലെസ് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ച് വെളിച്ചത്തിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം. പുല്ലുമേട്ടിൽ എത്തിച്ചേരുന്ന ഭക്തർക്ക് ഭക്ഷണവും മറ്റ് അവശ്യ വസ്തുക്കളുടെ ലഭ്യതയും ഉറപ്പുവരുത്തണം. ഇ.ഡി.സി.-കൾ നടത്തുന്ന കടകളാണ് അതിനുള്ള സംവിധാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കല്ലാതെ വേറെ ആർക്കും തന്നെ ഇപ്പോൾ അവിടെ കടകൾ നടത്തുന്നതിനുള്ള അനുവാദമില്ല. അത് കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇത്രയധികം അയ്യപ്പ ഭക്തർ പുല്ലുമേട്ടിലേക്ക് എത്തിച്ചേരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ടാണ് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടത്. ഗതാഗത സൗകര്യവും മെച്ചപ്പെടുത്തണം. സ്വകാര്യ വാഹനങ്ങൾ പുല്ലുമേട്ടിലേക്ക് കയറുന്നത് ഒഴിവാക്കി വണ്ടിപ്പെരിയാറിൽ പാർക്കിംഗിന് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. വന്യജീവികളുടെ ആക്രമണത്തിൽനിന്ന് സുരക്ഷ ഉറപ്പുവരുത്തണം. പുല്ലുമേട് ദുരന്തം ഉണ്ടാകുന്ന അന്നും ആ പ്രദേശത്ത് ആന ഇറങ്ങിയ സംഭവം അയ്യപ്പ ഭക്തന്മാർ പറഞ്ഞിരുന്നു. അതുകൊണ്ട് വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് സുരക്ഷ ഉറപ്പ് വരുത്തേണ്ടതുണ്ട്. വണ്ടിപ്പെരിയാറിൽ വാഹന പാർക്കിംഗിനും വിരിവയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തണം. അയ്യപ്പ ഭക്തർ ഏറ്റവും കൂടുതൽ എത്തിച്ചേരുന്ന മറ്റൊരു സ്ഥലം കുമിളിയാണ്. കുമിളിയിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം. അപകടസ്ഥിതിയിലായ വണ്ടിപ്പെരിയാർപാലം, മത്തായിക്കൊക്കപാലം എന്നിവ വീതി കൂട്ടി പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അത് എൻ.എച്ച്. 220-ന്റെ ഭാഗമായി വരുന്ന രണ്ട് വലിയ പാലങ്ങളാണ്. ഹിന്ദി, കന്നഡ, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുകയും തീർത്ഥാടകർക്ക് സഹായകരമായ ബുക്ക്ലെറ്റുകൾ വിതരണം ചെയ്യുകയും ചെയ്യണം. തീർത്ഥാടകർക്ക് സഹായകരമാകുംവിധം കടവുകൾ പ്രഖ്യാപിക്കണം. പരിചയമില്ലാത്ത കടവുകളിൽ ഇറങ്ങി നിരവധിയായിട്ടുള്ള തീർത്ഥാടകർ അപകടത്തിൽപ്പെടുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് കുളിക്കടവുകൾ പ്രഖ്യാപിക്കുകയും പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യണം. ഇതിനായി തടയണകൾ സ്ഥാപിക്കേണ്ടതുണ്ട്. ഹെൽപ്പ് ഡസ്ക്കുകളും ഗൈഡുകളുടെ സേവനങ്ങളും ഉറപ്പുവരുത്തണം. ചൂഷണം തടയുവാൻ സേവനങ്ങളും അവകാശങ്ങളും ബോധ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കണം. പോലീസ്, ഫയർഫോഴ്സ്, മെഡിക്കൽ യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ഇപ്പോൾ പുല്ലുമേട്ടിലുണ്ട്. അപകടം നടന്ന സ്ഥലത്ത് മെഡിക്കൽ യൂണിറ്റുകൾ എത്തുകയും അപടകടം സംഭവിച്ച ആളുകൾക്ക് പ്രാഥമിക ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചിരുന്ന ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ യൂണിറ്റുകൾ ആളുകളുടെ മരണം ഉറപ്പ് വരുത്തിയിട്ടുണ്ട്. രണ്ട്ലക്ഷത്തിലധികം ആളുകൾ അവിടെ എത്തിച്ചേരുന്നതുകൊണ്ട് കൂടുതൽ മെഡിക്കൽ യൂണിറ്റിന്റെയും ഡോക്ടർമാരുടെയും സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. പരിചയസമ്പന്നരും ആത്മാർത്ഥതയുള്ളവരും ജാഗ്രതയുള്ളവരുമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണം. എൻ.എച്ച്. 220 മുതൽ മുണ്ടക്കയം വരെയുള്ളഭാഗം കൊടും വളവുകൾ നിറഞ്ഞതും സ്ഥിരമായി അപകട സാധ്യതയുള്ളതുമാണ്. നൂറുകണക്കിന് അയ്യപ്പ ഭക്തരുടെ വാഹനങ്ങളാണ് നാഷണൽ ഹൈവേ മുണ്ടക്കയം മുതൽ കുമിളിവരെയുള്ള പ്രദേശങ്ങളിൽ അപകടത്തിൽപ്പെടുന്നത്. ഇത്രയധികം തീർത്ഥാടകരെ ഈ റോഡിന് ഉൾക്കൊള്ളാൻ സാധിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് മുണ്ടക്കയം-കുമിളി ബൈപാസ് റോഡിനെ കുറിച്ച് ആലോചിക്കണം. റോഡിന്റെ വശങ്ങളിൽ ക്രാഷ് ബ്രേക്കുകൾ സ്ഥാപിക്കണം. വണ്ടിപ്പെരിയാർ, പുല്ലുമേട്, ഏലപ്പാറ, മ്ലാമല, വണ്ടിപ്പെരിയാർ അരണക്കൽ ശബരിമല സത്രം റോഡ് ഇവ പുല്ലുമേട്ടിലേക്ക് എത്തിച്ചേരുന്നതിനുള്ള പെരിയാർ ടൈഗർ റിസർവിന് പുറത്തുകൂടിയുള്ള റോഡാണ്. ഈ റോഡ് ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഉൾപ്പെടുത്തണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രീമതി ഇ. എസ്. ബിജിമോൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നത്. ശബരിമല ക്ഷേത്ര ദർശനത്തിനായി തീർത്ഥാടകർ താഴെപറയുന്ന വഴികളിലൂടെയാണ് സാധാരണ എത്തുന്നത്.

1. പ്ലാപ്പള്ളി-ചാലക്കയം-പമ്പ-സന്നിധാനം എന്ന പരമ്പരാഗതപാത.
2. എരുമേലി-അഴുത-ചെറിയാനവട്ടം സന്നിധാനം. (കാട്ടിലൂടെ 35 കിലോ മീറ്റർ നടന്നുപോകുന്ന ഈ വഴിയിൽ 22 കിലോമീറ്റർ ദൂരം പെരിയാർ കടുവാ സങ്കേതമാണ്.
3. വള്ളക്കടവ്-സത്രം-ഉപ്പുപാറ-സന്നിധാനം (പെരിയാർ കടുവാ സങ്കേതത്തിലൂടെ 11 കിലോമീറ്റർ നടന്നുള്ളവഴി
4. വള്ളക്കടവ്-നാലാംമൈൽ-ഉപ്പുപാറ-സന്നിധാനം.(പെരിയാർ കടുവാ സങ്കേതത്തിലൂടെ)

ശബരിമലയുടെ സമഗ്രവികസനം മുൻ നിർത്തി ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും 3-5-2007 -ലെ ജി.ഒ. (എം. എസ്) 146/2007 ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് മുഖേന അംഗീകരിച്ചിട്ടുള്ളതുമാണ്. 50 വർഷക്കാലയള വിലേക്കുള്ള വിപുലവും സമഗ്രവുമായ വികസന നിർദ്ദേശങ്ങളാണ് 3 വാല്യങ്ങളുള്ള മാസ്റ്റർ പ്ലാനിൽ ചേർത്തിട്ടുള്ളത്. ഇതിൽ ദീർഘകാല അടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള 2050-ാം മാണ്ട് കാലയളവു വരെയുള്ള പദ്ധതികൾ ഉണ്ട്. ശബരിമല തീർത്ഥാടകർ വള്ളക്കടവ്-ഉപ്പുപാറ വഴി ഉപയോഗിക്കുന്നതി നെക്കുറിച്ച് പരിശോധിച്ചശേഷം സത്രം വഴിയുള്ള റൂട്ട് വികസിക്കുന്നതുവരെയും

LIBRARY ARCHIVES Kerala Legislative Assembly

സത്രം പ്രദേശത്ത് ബേസ് ക്യാമ്പ് വികസിപ്പിക്കുന്നതുവരെയും നിലവിലുള്ള സംവിധാനം തുടരണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഉപ്പുപാറവഴിവരുന്ന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിന് സത്രം ബേസ് ക്യാമ്പായി വികസിപ്പിച്ച് വേണ്ട സൗകര്യം ഒരുക്കാനാണ് മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ളത്. ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന, നോട്ടീസിൽ പരാമർശിച്ചിട്ടുള്ള കാനനപ്പാതകളൊന്നും ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ളതല്ല. പുല്ലുമേട്ടിൽ തീർത്ഥാടകർക്ക് ഭക്ഷണം, കുടിവെള്ളം, ടോയിലറ്റ് സൗകര്യം, കുളിക്കാനും വിശ്രമിക്കാനുമുള്ള സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കും. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വണ്ടിപെരിയാർ, കുമിളി, പീരുമേട്, പെരുവന്താനം, ഏലപ്പാറ, കൊക്കയാർ, ഉപ്പുതുറ, അയ്യപ്പൻകോവിൽ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ശബരിമല,. പമ്പ, നിലക്കൽ എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ്. ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച സ്ഥലങ്ങൾ ഉൾപ്പെടെയുള്ളവ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് ഹൈപവർ കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരസ്പര പൂരകങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾ വിവിധ പ്രദേശങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടുമാത്രമേ മാസ്റ്റർ പ്ലാൻ നിർവ്വഹണം ഫലപ്രദമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യങ്ങളിൽ സർക്കാർ ആവശ്യമായ അടിയന്തര ശ്രദ്ധ ചെലുത്തുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, മകരവിളക്ക് ഒരു വിശ്വാസമാണ്. മുഖ്യമന്ത്രി പറഞ്ഞതുപോലെ അത് അതിന്റെ ഭാഗത്തുനിർത്തിക്കൊണ്ടുതന്നെ ഭക്തരോട് യാഥാർത്ഥ്യം തുറന്നുപറയുവാൻ ദേവസ്വം വകുപ്പുമന്ത്രി തയ്യാറാകുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുപോലെ ഇതൊക്കെ വിശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങളായതുകൊണ്ട് ഉത്തരവാദിത്വപ്പെട്ട ആളുകളുമായി ആലോചിച്ചു മാത്രമേ ഇതിന് ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

IV സബ്മിഷൻ

1. സ്ത്രീകൾക്ക് മാത്രമായുള്ള ബസ്സുകൾ

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കേരളത്തിലെ സ്ത്രീകൾ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് അവരുടെ യാത്രാവേളകളിലാണ്. പ്രത്യേകിച്ച് ബസ്സുകളിലും മറ്റു വാഹനങ്ങളിലും സഞ്ചരിക്കുന്ന അവസരത്തിലാണ് ഏറ്റവും വലിയ ബുദ്ധിമുട്ട് ഇവർ അനുഭവിക്കേണ്ടിവരുന്നത്. യാത്രാ സൗകര്യം വർദ്ധിപ്പിച്ച് ഈ രംഗത്ത് അവർക്ക് കൂടുതൽ പരിഗണന നൽകേണ്ടതുണ്ട്. സ്വകാര്യ ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്ത്രീകൾക്ക് ഇപ്പോൾ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ആ സീറ്റുകളിൽ മാത്രമേ സ്ത്രീകൾ ഇരുന്ന് യാത്രചെയ്യുവാൻ പാടുള്ളൂ എന്നും ജനറൽ സീറ്റുകളിൽ ഇരിക്കാൻ പാടില്ലായെന്നുമുള്ള ഒരു ധാരണയുണ്ട്. ഈ ധാരണ മാറ്റേണ്ടതുണ്ട്. വിദ്യാർത്ഥിനികളും ജോലിക്ക് പോകുന്ന സ്ത്രീകളും മറ്റു സ്ത്രീകളും ബസ്സുകളിൽ